പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2294 **27-10-2026-ൽ മറുപടിയ്ക്ക്**

കേരള സ്റ്റാർട്ടപ്പ് മിഷൻ വഴി നവീന അഗ്രി-ടെക് പദ്ധതികൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. കെ. പ്രേമൻ ശ്രീ. പി. കെ. കൃഞ്ഞാലിക്കുട്ടി
(വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി)

(എ) മാംഗോ സിറ്റി എന്നറിയപ്പെടുന്ന മുതലമടയിലെ മാമ്പഴ കർഷകരെയും ഉത്പാദനത്തെയും പ്രോത്സാഹിപ്പിക്കുന്നതിനായി കേരള സ്റ്റാർട്ടപ്പ് മിഷൻ വഴി നവീന അഗ്രി-ടെക് പദ്ധതികളോ സ്റ്റാർട്ടപ്പ് സംരംഭങ്ങളോ ആരംഭിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

മറുപടി: കേരള സ്റ്റാർട്ടപ്പ് മിഷൻ, കേരള കൃഷി വകുപ്പ്, ലോകബാങ്ക് എന്നിവയുടെ ആഭിമുഖ്യത്തിൽ നടപ്പിലാക്കുന്ന കേര ഹബ് പദ്ധതിയിലൂടെ കർഷകർക്ക് സാങ്കേതികവിദ്യയുടെ സഹായത്തോടെ മൂല്യവർധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനും വിപണന സാധ്യതകളും മാർക്കറ്റ് കണക്ടിവിറ്റിയും ഉറപ്പാക്കുന്നതിനും സാങ്കേതികവിദ്യ അധിഷ്ഠിതമായ നൂതന പരിഹാരങ്ങൾ നടപ്പിലാക്കുന്നതിനും ആവശ്യമായ പിന്തുണ ലഭ്യമാക്കുന്നു.

(ബി) മുതലമടയിൽ വിളവെടുക്കുന്ന മാമ്പഴങ്ങളുടെ മൂല്യവർധനവ്, സംസ്കരണം, സംഭരണം, വിപണനം എന്നിവയ്ക്കായി പുത്തൻ സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തിക്കൊണ്ട് യുവ സംരംഭകരെയും കർഷകരെയും ഉൾപ്പെടുത്തി പ്രത്യേക ഇന്നൊവേഷൻ ഹബ്ബോ ഇൻകുബേഷൻ സെന്ററോ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

മറുപടി: കേരള സ്റ്റാർട്ടപ്പ് മിഷൻ മുഖാന്തരം പ്രത്യേക പദ്ധതികൾ നടപ്പിലാക്കുന്നില്ല.

(സി) മാമ്പഴത്തിൽ നിന്നുള്ള മൂല്യവർധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന ഭക്ഷ്യ സംസ്കരണ സ്റ്റാർട്ടപ്പുകൾക്ക് സാമ്പത്തിക-സാങ്കേതിക സഹായങ്ങൾ, സബ്സിഡികൾ എന്നിവ ലഭ്യമാക്കുന്നതിന് സ്റ്റാർട്ടപ്പ് മിഷൻ വഴി പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

മറുപടി: കേരള സ്റ്റാർട്ടപ്പ് മിഷൻ, കേരള കൃഷി വകുപ്പ്, ലോകബാങ്ക് എന്നിവയുടെ ആഭിമുഖ്യത്തിൽ നടപ്പിലാക്കുന്ന കേര ഹബ് പദ്ധതിയിലൂടെ കർഷകർക്ക് സാങ്കേതികവിദ്യയുടെ സഹായത്തോടെ മൂല്യവർധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനും വിപണന സാധ്യതകളും മാർക്കറ്റ് കണക്ടിവിറ്റിയും ഉറപ്പാക്കുന്നതിനും സാങ്കേതികവിദ്യ അധിഷ്ഠിതമായ നൂതന പരിഹാരങ്ങൾ നടപ്പിലാക്കുന്നതിനും ആവശ്യമായ പിന്തുണ ലഭ്യമാക്കുന്നു.

സെക്ഷൻ ഓഫീസർ